- ഉണർത്തുപാട്ട്
- ചോരക്കുഞ്ഞിനെ കൊന്ന
  മേരിഫെറാറിന്റെ കഥ
- തേക്കിൻകാട്
- കാണാപ്പണിയുടെ
  തീക്കുണ്ഡം

ഉണർത്തുപാട്ട്

(വനിതാകലാജാഥാ സ്ക്രിപ്റ്റുകൾ)

ഉണർത്തുപാട്ട് □ വനിതാകലാജാഥാ സ്ക്രിപ്റ്റുകൾ □ പ്രസാധനം, വിതരണം: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ 680 002 □ ഒന്നാം പതിപ്പ്: സെപ്തംബർ, 1989 □ അച്ചടി : സോഷ്യൽ സയൻറിസ്റ്റ് പ്രസ്, തിരുവനന്തപുരം □ വില : 1 00 രൂപ.

Unarthupattu □ Vanitha kalajatha scripts □ published & distributed by: Kerala Sastra Sahithya parishad, Trichur-680 002 □ First Edition: September 1989 □ Printing: Social Scientist Press, Trivandrum □ Price Rupees: 1.00

KSSP 0440 IE Sept.'89 3K 100 LL 18/W/ 89

ഉണർത്തുപാട്ട്

അടുക്കളപ്പുകക്കുടുക്കയിൽക്കുടുങ്ങി
യുള്ളുനീറികേണിടുന്നൊരമ്മമാരേ....
അമ്മമാരേ....

അകത്തളത്തിനപ്പുറ,ത്തിരുട്ടറകളിൽ
മുഖം കുനിച്ചുകേണിടുന്ന സോദരിമാരേ....
സോദരിമാരേ....
നനഞ്ഞുവീർത്ത കൺതുടയ്ക്കുവാ-
നുയിർത്തെണീക്കുവാൻ, നമുക്കു
നേരമായ്, നേരമായ്, നേരമായി....

ഞാറുനട്ടു, കളപറിച്ചു
നടുവൊടിഞ്ഞ സോദരീ,
തൊണ്ടുതല്ലി, കയർപിരിച്ചു
കൈ തളർന്ന സോദരി,
വിഴുപ്പലക്കി, രാപ്പകൽ
വിയർപ്പിലാണ്ട സോദരീ,
മീൻചുമന്നു, നാടുചുററി
കാൽകുഴഞ്ഞ സോദരീ,
പതിരുനീക്കി, നെല്ലുകുത്തി
പകൽ മറന്ന സോദരീ,
നനഞ്ഞുവീർത്ത കൺതടം തുടയ്ക്കുവാ-
നുയിർത്തെണീക്കുവാൻ, നമുക്കു
നേരമായ്, നേരമായ്, നേരമായി....
നൊമ്പരങ്ങളിൽക്കുരുത്ത
നമ്മൾതൻ കിനാവുകൾ
ചിറകണിഞ്ഞു, വാനിലേ-
യ്ക്കുയർന്നിടുന്ന നേരമായ്....
നേരമായ്, നേരമായ്, നേരമായി....

വിലങ്ങുകഠം, വിലക്കുകഠം
തകർത്തുമാററുവാൻ....
മുഖപടങ്ങളൊക്കെയും
വലിച്ചുമാററുവാൻ....
പുലരിയെപ്പുണർന്നിടാൻ
ഉയിർത്തെണീക്കുവാൻ
നമുക്കു, നേരമായ്, നേരമായ്, നേരമായി.

(കെ. കെ. കൃഷ്ണകുമാർ)

ചോരക്കുഞ്ഞിനെ കൊന്ന മേരിഫെററാറിൻെറ കഥ

(ബെർതോംഡ് ബ്രഹ്ത്തിൻെറ കവിതയുടെ നാടകാവിഷ്കരണം)

''ജീവികഠംക്കൊക്കെയും വേണമല്ലോ
മററു ജീവികഠം തൻ സഹായം.''

ഒരു ക്രിസ്തീയ ഭക്തിഗാനത്തിൻെറ ഈണത്തിൽ ഈ വരികഠം പാടിക്കൊണ്ട് കവിയും സംഘവും പ്രവേശിയ്ക്കുന്നു. രംഗത്തെത്തി ആവർത്തിക്കുന്നു.

കവി

(തൻെറ ശ്രോതാക്കളോടെന്നപോലെ)

അതിനാൽ നമുക്കിന്നു മേരിയുടെ കഥ പാടാം.

(ആവാഹിക്കുന്നതുപോലെ)

മേരി ഫെററാർ.......................

മേരിവരുന്നു. വാതം പിടിച്ച കാൽ വലിച്ചുവെച്ചാണ് നടത്തം. നിഷ്കളങ്കത മുററിനിൽക്കുന്ന മുഖഭാവം. സംഘം ചെറിയ ശബ്ദത്തിൽ മേരിഫെററാർ എന്നാവർത്തിക്കുന്നു മറേറതോ ലോകത്തിലെന്നപോലെ മേരി നിൽക്കുന്നു.

കവി

മേരിഫെററാർ. ഏപ്രിലിൽ ജനിച്ചവരം.

ഒന്നാമൻ

പ്രായമാകാത്തവരം.

രണ്ടാമൻ

വാതം പിടിച്ചവരം.

മൂന്നാമൻ

നാഥനില്ലാത്തവരം.

നാലാമൻ

സവിശേഷതകരം ഒന്നുമില്ലാത്തവരം

അഞ്ചാമൻ

മേരിഫെററാർ

കവി

അന്നേവരേയ്ക്കും കളങ്കമില്ലാത്തവരം
കൊന്നുവത്രെ............സ്വന്തം............

ഒന്നാമൻ

വേണ്ട. കളങ്കമററവളുടെ കഥയല്ലയിത്.
(സംഘത്തോട്) കവിപറയുന്നു കളങ്കമില്ലെന്ന്. ആണോ? ഇവരം പിഴച്ചവരം.

സംഘം

പിഴച്ചവരം, ഇവരം വഴിപിഴച്ചവരം.
(മേരി തേങ്ങിക്കൊണ്ട് പിന്നിലേക്കു നീങ്ങുന്നു.)

കവി

ഞാനപേക്ഷിയ്ക്കുന്നു നിങ്ങളോടീവിധം
കോപിയ്ക്കൊലാ നിങ്ങരം
ജീവികരംക്കൊക്കെയും വേണമല്ലോ
മററു ജീവികരംതൻ സഹായം.

(സംഘത്തിൻെറ ദേഷ്യമടങ്ങുന്നു.)

കവി

രൂപഭംഗി അല്പവുമില്ലാത്ത ആ വേലക്കാരിപ്പെണ്ണ് പ്രലോഭനത്തിന്ന് വിധേയയാകുമെന്ന് ആരുമാരും കരുതിയില്ല.

(വീട്ടുടമസ്ഥൻെറ കാമാസക്തിക്ക് വിധേയയാകുന്ന നിസ്സഹായയായ മേരിയെ ചിത്രീകരിക്കുക. കത്തിയമർന്ന കാമാഗ്നിയിൽ നിന്ന് തെറിച്ചുവീഴുന്ന മേരി. ഇതെല്ലാം അനുഭവിക്കുന്നത് കവിയാണ്. വേച്ച് വേച്ച് രംഗത്തിൻെറ പിൻഭാഗത്തേക്ക് നടന്നുനീങ്ങുന്ന മേരി.)

സംഘം

പിഴച്ചവരം. ഇവരം വഴിപിഴച്ചവരം.

ഒന്നാമൻ

രണ്ടാം മാസമായപ്പോരംതന്നെ നിലവറമദ്യശാലയിലെ പെണ്ണിന്നടുക്കൽ രണ്ടു കുത്തിവെപ്പുകൊണ്ട" അലസിപ്പിക്കാൻ നോക്കി........

സംഘം

ങെ്എ?

ഒന്നാമൻ

ങ്ഹാ?............

രണ്ടാമൻ

വേദന ഉണ്ടായിരുന്നൂ പോലും

സംഘം

ഉണ്ടാവും .... ഉണ്ടാവും........

മൂന്നാമൻ

ഒന്നും പുറത്ത് പോയില്ല പോലും (ചിരിക്കുന്നു)

നാലാമൻ

പിഴച്ചവരം.

സംഘം

(ദേഷ്യത്തോടെ) പിഴച്ചവരം.

കവി

ഞാനപേക്ഷിയ്ക്കുന്നു നിങ്ങളോടീവിധം
കോപിയ്ക്കൊലാ നിങ്ങരം
ജീവികരംക്കൊക്കെയും വേണമല്ലോ
മററു ജീവികരം തൻ സഹായം.

അഞ്ചാമൻ

എന്നിട്ട് അവരം പറഞ്ഞതോ?

ഒന്നാമൻ

മദ്യശാലക്കാരിക്ക് കരാർ പ്രകാരം തുക നല്കി. വീണ്ടും ധരിച്ചൂ അടിവസ്ത്രം.

സംഘം

തുക പോയതുമിച്ചം.

രണ്ടാമൻ

മരുന്ന് കുടിച്ചുനോക്കി. ശക്തിയായി വയറിളകീന്ന് മാത്രം. (സംഘം ചിരിക്കുന്നു.)

മൂന്നാമൻ

പ്രകടമാം വിധം വയറ് വീർത്തു.

സംഘം

വീർക്കും........വീർക്കും.

നാലാമൻ

വേദനയും കഠിനം.

സംഘം

കഠിനം........കഠിനം.

അഞ്ചാമൻ

പാത്രം കഴുകുമ്പോഠം കൂടെക്കൂടെ അവഠം പറയുന്നു (മേരി പിൻഭാഗത്തുനിന്ന് രംഗമദ്ധ്യത്തിലെത്തി പാത്രം കഴുകുന്നത് മൈം ചെയ്യുന്നു. ചലനങ്ങഠം താളത്തിലാകണം.)

മേരി

(പാത്രം കഴുകുന്നതിനിടയിൽ ശരീരം സൂക്ഷിച്ചു നോക്കി)

ഞാൻ കുറെക്കൂടി തടിച്ചു. അതെ........കുറെക്കൂടി തടിച്ചു.

കവി

കന്യാമറിയത്തോട് പ്രാർത്ഥിച്ചു.കൂടുതൽ കവിഞ്ഞ പ്രതീക്ഷയോടെ. (മേരി പ്രാർത്ഥിക്കുന്നു.)

സംഘം

(ചിരിച്ചുകൊണ്ട്). എന്തിന്?

കവി

ഓരോ അടി കിട്ടുമ്പോഴും നമ്മൾ കണ്ണുകൾ മുകളിലേക്കുയർത്തുന്നു. കരുണയുടെ ഒരു കീറ് മേഘം. സാന്ത്വനത്തിൻെറ ഒരു നോട്ടം അവിടന്നു വരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു.

പക്ഷേ...കണ്ടിടത്തോളം പ്രാർത്ഥനകളെല്ലാം നിഷ്ഫലം. വിശേഷിച്ചും ഒരനാഥയുടെ

സംഘം

മേരി ഫെറാർ........നാഥനില്ലാത്തവൾ

ഒന്നാമൻ

പക്ഷേ ദൈവത്തോട് അവൾ ആവശ്യപ്പെട്ടത് വളരെ അധികം.

സംഘം

അധികം........അധികം.

രണ്ടാമൻ

അതിലും വിശേഷിച്ച് അവളുടെ ഗർഭം പരിശുദ്ധാത്മാവിനാൽ അല്ലാതിരിയ്ക്കെ. (സംഘം ചിരിയ്ക്കുന്നു. ചലിയ്ക്കുന്നു. പിൻഭാഗത്തെത്തി നില്ക്കുന്നു)

മൂന്നാമൻ

കൂടുതൽ വീർത്തു വന്നപ്പോൾ പ്രഭാത പ്രാത്ഥനാവേളയിൽ തലചുററൽ ഉണ്ടായി.

നാലാമൻ

അടിമുടി വിയർത്തു കൂടെക്കൂടെ
(അവശയായി നീങ്ങുന്ന മേരി)

അഞ്ചാമൻ

ഭയംകൊണ്ടു. വിയർത്തു.

കവി

മിക്കവാറും അൾത്താരയ്ക്കു കീഴിൽവെച്ചുതന്നെ.

ഒന്നാമൻ

എങ്കിലും കാര്യമവൾ രഹസ്യമായി സൂക്ഷിച്ചു. പ്രസവസമയമടുക്കുന്നതുവരെ.

സംഘം

അമ്പടീ............

കവി

ഞാനപേക്ഷിയ്ക്കുന്നു നിങ്ങളോടീവിധം
കോപിയ്ക്കൊലാ നിങ്ങരം
ജീവികരംക്കൊക്കെയും വേണമല്ലോ
മററു ജീവികരംതൻ സഹായം.

(സംഘത്തിൻെറ ഭാവത്തിൽ മാററം വരുന്നു.)

കവി

ഒരേഴയുടെ ദൈവഭയം നരകാനുഭവത്തിനു തുല്യം തന്നെ.

രണ്ടാമൻ

അരംത്താരയിൽ നിന്ന് പുറംതള്ളപ്പെടുന്നതും കഷ്ടം തന്നെ.

മൂന്നാമൻ

(വേദനയോടെ) അന്ന്, അവരം പറയുന്നൂ, നേരംവെളുത്തപ്പോരം മുതൽ വയററിൽ അള്ളിപ്പിടിക്കുന്നതുപോലെ തോന്നി.

(തുടപ്പുപണിയിലേർപ്പെട്ട മേരിയുടെ വേദന ചിത്രീകരിക്കുന്നു.)

നാലാമൻ

പടികരം തുടയ്ക്കുമ്പോരം അതവളെ വല്ലാതെ ഇളക്കി.

അഞ്ചാമൻ

എങ്കിലും വേദന രഹസ്യമായി സൂക്ഷിക്കാൻ അവരംക്കു കഴിഞ്ഞു.

ഒന്നാമൻ

അവരം ഒരനാഥ. അവിഹിതവേദന കടിച്ചൊതുക്കാൻ ശക്തിനേടുകയല്ലാതെ അവരംക്ക് മറെറന്തു ചെയ്യാനാവും.

രണ്ടാമൻ

അന്ന്മുഴുവൻ നനച്ചതുണി ഉണങ്ങാനിടുമ്പോരം.......

[തുണി നനച്ചിടുന്ന മേരി. അവരം കഠിനമായ ആലോചനയിലാണ്. അവസാനം അവരം തീരുമാനമെടുക്കുന്നു.]

മൂന്നാമൻ

അവരം തലപ്പുകഞ്ഞാലോചിച്ചു. പ്രസവിക്കുക മാത്രമാണ് കരണീയം എന്നു തീരുമാനിച്ചു.

കവി

അത് അവളുടെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. അടുക്കളയുടെ ഇരുട്ടിൽ അവരം സഹായത്തിന്നുവേണ്ടി കേണു. വളരെ വൈകിമാത്രം തൻെറ ഈർപ്പം മുററിനില്ക്കുന്ന കിടപ്പായിലേക്ക് പോയി. കിടന്നപ്പോരം അവളെ വീണ്ടും വിളിപ്പിച്ചു.

(സംഘം ഈ സന്ദർഭം അഭിനയിക്കുന്നു.)

സംഘം

ഹിമപാതമുണ്ടായിരിക്കുന്നു.

ഒന്നാമൻ

മേരി എണീററുവാ. ഈ മഞ്ഞെല്ലാം കോരി നീക്ക്.

(അവശയായ മേരി എണീററുവരുന്നു. ഷവൽ ഉപയോഗിച്ച് മഞ്ഞ് കോരി നീക്കുന്നതായി അഭിനയിക്കുന്നു.)

രണ്ടാമൻ

ഉം. വേഗമാകട്ടെ.

മൂന്നാമൻ

എന്താ മേരി നിനക്കൊരു ക്ഷീണം!

(മേരി വേച്ച് വേച്ച് നടന്നുപോകുന്നു.)

കവി

പതിനൊന്നുമണിവരെ അതു നീണ്ടുനിന്നു. ഒരു ദീർഘദിനം. സ്വസ്ഥമായി പ്രസവിക്കാനായത് രാത്രിയിൽ മാത്രം. അവളുടെ മുറി തണുത്തുറഞ്ഞതുകൊണ്ട് കക്കൂസിലേക്ക് അവസാനശക്തിയുമുപയോഗിച്ച് അവരം ഇഴഞ്ഞു നീങ്ങി.

[ഇഴഞ്ഞ് മുന്നോട്ടുനീങ്ങുന്ന മേരി. സംഘം മുൻഭാഗത്തെത്തി അവരംക്കൊരു മറയാകുന്നു.]

കവി

അവിടെ എപ്പോഴെന്ന് തീർച്ചയില്ല. പ്രഭാതത്തോടടുപ്പിച്ച് അവരം പ്രസവിച്ചു.

[ഈ ജനനം ചിത്രീകരിക്കേണ്ടത് യേശുവിൻെറ ജനനം പോലെയാണ്. പുൽത്തൊട്ടിയിൽ ഉണ്ണിയേശുവുമായി ഇരിക്കുന്ന മേരി. അന്വേഷിച്ചെത്തുന്ന പുരോഹിതൻ. ആഹ്ളാദത്തോടെ നില്ക്കുന്ന ഇടയൻമാർ. ക്രിസ്തുമസ് കരോളിൻെറ സംഗീതം ഉപയോഗിക്കാം.]

അതിനുശേഷം മേരി കുട്ടിയെ താലോലിക്കാൻ തുടങ്ങുന്നു. സംഘം പിൻഭാഗത്തേക്കു നീങ്ങുന്നു.

കവി

അവരം പറയുന്നു,

മേരി

ഞാനാകെ കുഴങ്ങിപ്പോയി. കുഞ്ഞിനെ എടുക്കാൻപോലും ശക്തിയില്ലെന്ന് തോന്നിപ്പോയി.

കവി

വേലക്കാരുടെ ആ കക്കൂസിലേക്ക് മഞ്ഞ് വീണുകൊണ്ടേയിരുന്നു.

സംഘം

അവരം പെററു. ഒരു പുത്രനെ.

ഒന്നാമൻ

മററു പുത്രൻമാരെപ്പോലെത്തന്നെയായ ഒരു പുത്രനെ.

അഞ്ചാമൻ

അവരം മാത്രം മററ് അമ്മമാരെപ്പോലെയായിരുന്നില്ല.

കവി

നാമവളെ അധിക്ഷേപിക്കുന്നതും ന്യായമല്ല. അതുകൊണ്ട് ഞാൻ തുടർന്നോതിടാം ആ പുത്രൻെറ കഥ. പിന്നീട് എന്തുണ്ടായി എന്നും. അങ്ങനെ ഞാനും നിങ്ങളും ഏത് തരക്കാരാണെന്ന് ലോകമറിയട്ടെ.

(സംഘം തലതാഴ്ത്തുന്നു)

പിന്നീട്, കക്കൂസിൽനിന്ന് തൻെറ മുറിയിലേക്കുള്ള യാത്രയിൽ കുഞ്ഞ് കരയാൻ തുടങ്ങി. അത് അവളെ വല്ലാതെ ഭയപ്പെടുത്തി.

(സംഘം ''കുഞ്ഞിൻെറ കരച്ചിൽ'' എന്ന് ആവർത്തിക്കുന്നു. ഭയപ്പെട്ട മേരി നിലത്തിരുന്നു കുട്ടിയുടെ കരച്ചിൽ മാററാൻ ശ്രമിയ്ക്കുന്നു. ഭയവും ദേഷ്യവും സങ്കടവും മേരിയുടെ സമനില തെററിക്കുന്നു. അവരം ബലംപ്രയോഗിച്ച് കുഞ്ഞിൻെറ ശബ്ദമൊതുക്കുന്നു. കുഞ്ഞ് നിശ്ചലമാവുന്നു. ചങ്കോളമെത്തിയ കരച്ചിൽ അവരം കടിച്ചൊതുക്കുന്നു.)

സംഘം

സ്വന്തം കുഞ്ഞിനെ കൊന്നവരം.

സ്വന്തം കുഞ്ഞിനെ കൊന്നവരം. (ആവർത്തിക്കുന്നു.)

(മേരി കുഞ്ഞുമായി ഞെട്ടി എഴുനേൽക്കുന്നു. ശവം ആദ്യം ഒരു സ്ഥലത്തും പിന്നീട് മററൊരു സ്ഥലത്തും ഒളിപ്പിക്കുന്നു. തകർന്നിരിക്കുന്ന മേരി.

കവി

ചത്തകുഞ്ഞിനെ രാത്രി മുഴുവൻ കിടക്കയിൽ സൂക്ഷിച്ചു. നേരം വെളുത്തപ്പോരം വിഴുപ്പുമുറിയിൽ ഒളിപ്പിച്ചു. പക്ഷേ-കുററം ചെയ്തവർ ശിക്ഷിക്കപ്പെടുകതന്നെ വേണമല്ലൊ.

(സംഘത്തിലെ രണ്ടാളുകരം മുന്നോട്ടുവരുന്നു. പാവകളുടെ ചലനമാകാം. വികൃതമായ ഈണത്തിൽ.)

സ്വന്തം കുഞ്ഞിനെക്കൊന്ന ഇവരംക്ക് തടവറ മരണം

(മേരിയുടെ പീഡനവും മരണവും ചിത്രീകരിക്കുന്നു.)

കവി ശവത്തിന്നരികിൽ മുട്ടുകുത്തി ഇരിയ്ക്കുന്നു. സംഘം ശവത്തിന് തൊട്ടുപുറകിൽ. കവി പെട്ടെന്ന് എണീററ്—

കവി

മേരി ഫെറാർ. ഏപ്രിലിൽ ജനിച്ചവരം,

മൈനാനിലെ തടവറയിൽവെച്ച് മരിച്ചവരം.

അവിവാഹിതയായ അമ്മ.

കവി രംഗമദ്ധ്യത്തിലെത്തി ആംഗ്യത്തിലൂടെ ശവം എടുത്ത് സംഘത്തെ ഏലപ്പിക്കുന്നു. ഒരു അനുഷ്ഠാനം

പോലെ ചെയ്യേണ്ടതാണിത്. സംഘം ഏററുവാങ്ങുന്നു. കവി തിരിഞ്ഞ്—

കവി

നിങ്ങൾ വെടിപ്പുള്ള പ്രസവശയ്യകളിൽ ജൻമം കൊണ്ട വർ. ഗർഭധാരണത്തെ 'അനുഗ്രഹീതനിലയിലാവുക' എന്ന് വിശേഷിപ്പിക്കുന്നവർ. ദുഷിച്ചുപോയ ഈ ദുർബലരെ അപലപിക്കരുത്.

കാരണം അവളുടെ പാപം കടുത്തതായിരുന്നു.

എങ്കിലും അവളുടെ ദുഃഖം കനത്തതും,

സംഘം

അവളുടെ പാപം കടുത്തതായിരുന്നു.

എങ്കിലും അവളുടെ ദുഃഖം കനത്തതും.

കവി

അതുകൊണ്ട്, ഞാനപേക്ഷിയ്ക്കുന്നു
നിങ്ങളോടീവിധം
കോപിയ്ക്കൊലാ നിങ്ങൾ
ജീവികൾക്കൊക്കെയും വേണമല്ലോ
മററു ജീവികൾ തൻ സഹായം.

സംഘം ഏററുപാടുന്നു

ജീവികൾക്കൊക്കെയും വേണമല്ലോ............

(പ്രൊഫ. പി. ഗംഗാധരൻ)

തേക്കിൻകാട്

തേക്കിൻ കാട്ടിലെ
തെക്കേ ഗോപുരനടയിൽ
തേച്ചിട്ടും തേച്ചിട്ടും
തേമാനം വരാത്ത

നാക്കും നാഭിയുമുള്ള
നാലു യുവതികളുടെ തല
സ്വതന്ത്രഭാരതത്തിലെ
നിയമപാലകർ
മുണ്ഡനം ചെയ്യിച്ചു പോലും

മുണ്ഡനം ചെയ്താലും
മുടി വളരും
മുണ്ഡനം ചെയ്തത്
മുണ്ടഴിക്കാതിരിക്കാനാണ്
ഹുങ്ങ്..............................
മുണ്ടഴിക്കുന്നത്
മുടികൊണ്ടാണല്ലോ !

മുറുക്കിയുടുത്ത മുണ്ട്
വിശന്ന് വയറൊട്ടുമ്പോൾ
താനേ........................
അയഞ്ഞഴിയും
ആളിക്കത്തുന്ന
ജഠരാഗ്നിയിൽ
സദാചാരം..............................
സദാ............ചാരമാകും;
അപ്പോൾ,
മുണ്ടഴിപ്പിക്കുന്നതാഹാരം
മുണ്ഡനം ചെയ്യിക്കുന്നതാചാരം

മുണ്ടഴിപ്പിക്കുന്നതും
മുണ്ഡനം ചെയ്യിക്കുന്നതും
ഒററത്തുറുകണ്ണനായ
ഒരാൾതന്നെയാണെന്നറിയുമ്പോൾ
വ്യഭിചാരികളാരാണ്?

(മുല്ലനേഴി)

കാണാപ്പണിയുടെ തീക്കുണ്ഡം

(ലഘുനാടകം)

കോറസ്—ആ ആ............(ഭൂപാളരാഗം)

(രംഗത്ത് ഉറക്കമുണർന്നുവന്ന ഒരു സ്ത്രീ. മുഖം കഴുകുന്നു.)

പുരയും മുററവും ഒരുപോലെ പുലരും മുൻപേ പരാ പരാ വെളുക്കണം-വെടിപ്പാക്കണം. വേഗം - വേഗം - വേഗം- സ്ത്രീ വീട്ടുപണികഠം ചെയ്യുന്നു.

കോറസ് — ഭർത്താവും കുഞ്ഞുങ്ങളും ഉണരുമ്പോഴേയ്ക്കും പ്രത്യേകം പ്രത്യേകം ഭക്ഷണം വേണം. വേഗം....വേഗം....വേഗം........

സ്ത്രീ വീട്ടുപണി ചെയ്യുന്നു.

കോറസ് — അച്ഛനു കുളിക്കുവാൻ ഇളം ചൂടുവെള്ളം വേണം, കുഞ്ഞുമോനു കുളിക്കാൻ കാഞ്ഞവെള്ളം വേണം.

സ്ത്രീ ധൃതിയിൽ വീട്ടുപണികഠം തുടരുന്നു. മുഖത്ത് പരിഭ്രാന്തി)

രണ്ടു കുഞ്ഞുങ്ങഠം—അമ്മേ സ്കൂളിൽ പോകാൻ സമയമായി. എൻെറ തലമുടിയൊന്നു കെട്ടിത്തരൂ. അമ്മ കുട്ടികളെ സമാധാനിപ്പിച്ച് അയയ്ക്കുന്നു.

(ആവശ്യങ്ങഠം വർദ്ധിക്കുന്നു, ബഹളമായിത്തീരുമ്പോഠം ഭർത്താവ് പ്രവേശിക്കുന്നു.)

ഭർത്താവ്: എടീ, എനിക്ക് ഓഫീസിലേക്ക് പോകാൻ നേരമായി. എൻെറ ബാഗെവിടെവെച്ചിരിക്കുവാ? നീയവിടെ എന്തെടുക്കുവാ?

കോറസ് — ഈ അമ്മയ്ക്കൊന്നിനും നേരമില്ല

കോറസ് — എൻെറ ഉടുപ്പെവിടെ, പുസ്തകമെവിടെ, പാവാടയെവിടെ....

(അമ്മ ആർത്തലച്ച് വീഴുന്നു.)

(ഭർത്താവ് സ്റ്റേജിൽ നിശ്ചലനായി നിൽക്കുന്നു)

കോറസിൽ ഒരാൾ — ഉദ്യോഗസ്ഥനായ ഭർത്താവിനോട് തൻെറ ഭാര്യയ്ക്കെന്താണ് ജോലി എന്നു ചോദിച്ചാൽ കിട്ടുന്ന മറുപടി.

ഭർത്താവ് ഓ....എൻെറ ഭാര്യയ്ക്കോ അവൾക്ക് പ്രത്യേകിച്ച് ജോലിയൊന്നുമില്ല.

സദസ്യർക്കിടയിൽനിന്ന് ജാഥാംഗങ്ങൾ

1. ഒന്നു ചോദിച്ചോട്ടേ-മുററമടിക്കുന്നതും തുണിയലക്കുന്നതും വെള്ളം കോരുന്നതും ആരാണ്?

2. ഭക്ഷണം പാകം ചെയ്യുന്നത് ആരാണ്?

3. പുരുഷന് ജോലി ചെയ്യുന്നതിനുള്ള ഊർജ്ജം ലഭിക്കുന്നത് ആരുടെ അധ്വാനം കൊണ്ടാണ്?

4. കുടുംബത്തിനുവേണ്ടി പട്ടിണികിടക്കുന്നത് ആരാണ്?

5. സ്വന്തം ഗർഭപാത്രത്തിൽ ഈ ലോകത്തെ പേറുന്നത് ആരാണ്?

ആരാണ്? ആരാണ്? ആരാണ്

[കോറസ് വരിയായി നിൽക്കുന്നു.]

കോറസ് : സമയം രാവിലെ അഞ്ചുമണി

(വീട്ടമ്മ പണികൾ ചെയ്യുന്നു.)

കോറസ് — വീട്ടുജോലികളെല്ലാം തീർത്ത് നിനക്ക് 10 ന് ഓഫീസിലെത്തേണ്ടേ - വേഗം - വേഗം — വേഗം.

കോറസ്—കുട്ടികൾക്ക് 8½യ്ക്ക് സ്കൂളിലേക്കിറങ്ങേണ്ടേ വേഗം - വേഗം - വേഗം

കുട്ടികൾ - അമ്മേ സ്കൂളിൽ പോവാൻ നേരായി, അമ്മ കുട്ടികളെ ഒരുക്കി അയയ്ക്കുന്നു,ഉപദേശങ്ങൾ കൊടുക്കുന്നു.

കോറസ് - ഭർത്താവിന് 9 ന് ഇറങ്ങേണ്ടേ—വേഗം - വേഗം- വേഗം

ഭർത്താവ് — ങ് ഹാ, നിൻെറ ജോലിയൊന്നും ഇതുവരെ തീർന്നില്ലേ. ഒരുമിച്ച് പോകാമെന്നു വിചാരി

ച്ചിരുന്നതാ — ആ....എനിക്ക് നേരമായി ഞാൻ പോണു-ഒരു കാര്യം ഞാനിന്നിത്തിരി താമസിച്ചേ വരികയുള്ളൂ. അതുകൊണ്ട് നീ നേരത്തേ എത്തണേ.

ഭാര്യ : അതെന്താ

ഭർത്താവ് : എനിക്കിന്നൊരു സെമിനാറുണ്ട്. "സ്ത്രീ പുരുഷ സമത്വവും സാമൂഹ്യമാററവും." ഞാനാ പ്രബന്ധമവതരിപ്പിക്കുന്നത്.

കോറസ് - സമയം ഒമ്പതര. നിനക്ക് 10 മണിക്ക് ഓഫീസിലെത്തേണ്ടേ - വേഗം - വേഗം - വേഗം

(ഭാര്യ ഓഫീസിലേക്കോടുന്നു.)

ഓഫീസ് — സീത രജിസ്ററററിൽ ഒപ്പുവെക്കുന്നു.

പുരുഷ ശബ്ദം - സീത ഇന്നും പതിവുപോലെ വൈകി അല്ലേ? ഇനി ഇതാവർത്തിക്കരുത്.

This is the last warning.

ഈ മാററർ വേഗം ശരിപ്പെടുത്തിക്കൊണ്ടു വരൂ.

സീത ടൈപ്പു ചെയ്യുന്നു.

(ആത്മഗതം) 5മണി. 5മണിക്കിവിടുന്നിറങ്ങിയാലേ 6 മണിക്കെങ്കിലും വീട്ടിലെത്തൂ. കുട്ടികൾ സ്കൂളിൽ നിന്നു വന്ന് കാത്തിരിക്കുന്നുണ്ടാകും (ആവർത്തിക്കുന്നു).

കോറസ് — 5മണി. 5മണി. 5മണി.

തൻെറ വീടിനു പുറത്ത് ഒരു ലോകമുണ്ടെന്ന് കാണാത്തവളാണ് അറിയാത്തവളാണ് ജോലിക്കാരിയായ വീട്ടമ്മ. ഒരു ദിവസം ശരാശരി 17 മണിക്കൂർ ജോലി ചെയ്യുന്ന ഇവൾ കുടുംബത്തിനുള്ളിൽ തളച്ചിടപ്പെടുന്നു.

ഗ്രൂപ്പ് — ഇവളല്ലോ ഘടികാര സൂചിക്കൊപ്പം പിടഞ്ഞു തിരിയുന്ന യന്ത്രമായിത്തീർന്നവൾ. മനസിൻെറ കിളിവാതിലും പൂട്ടി താരാട്ടിനീണം മറന്ന് അന്തിയിൽ ചായുന്നവൾ.

കോറസ്, ടൈപ്പു ചെയ്യുന്ന സ്ത്രീയെ മറയ്ക്കുന്നു. സ്ത്രീ പോവുന്നു. നേരം സന്ധ്യ മയങ്ങാറായി,നീ കുടി

ലിലെത്തിയിട്ടു വേണ്ടേ തീ പൂട്ടാൻ, കുട്ടികൾ വിശന്ന് തളർന്ന് കാത്തിരിപ്പുണ്ടാവും. (ചുമടും കൈനിറയെ സാധനങ്ങളുമായി തൊഴിലാളി സ്ത്രീ രംഗത്തെത്തുന്നു)

വീട്ടിൽ

കുട്ടികൾ – അമ്മേ, വിശക്കുന്നമ്മേ

അമ്മ – മക്കളേ, അമ്മ ഇപ്പം ശരിയാക്കിത്തരാം.

അമ്മ അടുക്കളയിൽ ആഹാരം തയ്യാറാക്കുന്നു.

മക്കളേ ഉറങ്ങിപോകരുതേ....

കുട്ടികൾ കളിച്ചു കളിച്ച് ഉറങ്ങുന്നു.

ഭർത്താവ് വരുന്നു:

(കുട്ടികൾ ഉറങ്ങുന്നതു കണ്ട്) എടീ, നീ കുട്ടികൾക്ക് ആഹാരം കൊടുത്തില്ലേ–

(ഭാര്യ കുഞ്ഞുങ്ങൾക്കും ഭർത്താവിനും ആഹാരം കൊടുക്കുന്നു. അവർ പോകുന്നു.)

കോറസ് – കലത്തിൽ ഇനി ഒന്നും ബാക്കിയില്ല.

(അവസാനം ഉള്ള ഇത്തിരി ഒന്നിച്ചൊരു പാത്രത്തിലൊഴിച്ചു കുടിക്കുന്നു)

കോറസ് – സമയം അർദ്ധരാത്രി–നാളെ നിനക്കു പണിക്കു പോണ്ടേ? നാളെയല്ലേ റേഷൻ വാങ്ങേണ്ട അവസാനദിവസം. ഇവർക്ക് കണ്ണുകൾ പാതിരായ്ക്കടയ്ക്കുവാൻ മാത്രം. ഒരു നിശ്ശബ്ദമാം മുറിവിൻ വക്കുകൾ ഇവർ തൻ ചുണ്ടുകൾ. പുറപ്പെട്ടേടത്താണ് ഒരായിരം കാതമവർ നടന്നിട്ടും.

ഒന്നാമൻ:

ഒരു വീട്ടമ്മ ഒരു ദിവസം ശരാശരി 10 മണിക്കൂർ ജോലി ചെയ്യുന്നു.

രണ്ടാമൻ:

ഒരു ഉദ്യോഗസ്ഥയായ വീട്ടമ്മ ദിവസത്തിൽ 17 മണിക്കൂർ ജോലിചെയ്യുന്നു.

മൂന്നാമൻ:

ഒരു തൊഴിലാളി സ്ത്രീ 18 മണിക്കൂർ അധ്വാനിക്കുന്നു.

എല്ലാവരും ഒന്നിച്ച്:

സ്ത്രീയും പുരുഷനും ജീവിത പങ്കാളികളെങ്കിൽ അവർക്കുവേണ്ടി വീട്ടുജോലിയുടെ പങ്കു കൂടി ഏറ്റെടുക്കുക. താങ്കളോടൊപ്പം അവളും അടുക്കളയിൽ നിന്ന് അരങ്ങത്തെത്തട്ടെ.

സാമൂഹ്യ മാററ പ്രക്രിയയിൽ സ്ത്രീയും പുരുഷനും തോളോടുതോൾ ചേരുമ്പോൾ മാത്രമേ വനിതാ വിമോചനം സാധ്യമാകൂ. അതിലൂടെ മാത്രമേ മനുഷ്യവിമോചനം യാഥാർത്ഥ്യമാവൂ.

(പ്രൊഫ. പി. ഗംഗാധരൻ)